II.ഇ.ബി. XII-കേരള നിയമസഭ/XI-8

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2009 ജൂലൈ 1, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

24 (*211) രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി

ജലവിഭവവകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ) നൽകിയ മറുപടിയിൽ, ഗ്രാമീണ മേഖലയിലെ എല്ലാ വാസസ്ഥലങ്ങളിലും സുരക്ഷിതമായ കുടിവെള്ള വിതരണം ഉറപ്പുവരുത്തുക, ജലസ്രോതസ്സുകളുടെ പരിരക്ഷയും നിലനിൽപ്പും ഉറപ്പുവരുത്തുക, നിരീക്ഷണത്തിലൂടെയും പരിശോധനയിലൂടെയും വെള്ളത്തിന്റെ ഗുണനിലവാരം സംരക്ഷിക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെ ആരംഭിച്ചതാണ് കേന്ദ്രഗവൺമെന്റിന്റെ രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിയെന്ന് സഭയെ അറിയിച്ചു. 01-04-2009-ൽ നിലവിൽ വന്ന പുതിയ മാർഗ്ഗരേഖ പ്രകാരം പദ്ധതികൾക്കുള്ള ചെലവ് കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും 50:50 എന്ന അനുപാതത്തിൽ വഹിക്കേണ്ടതാണ്. ത്വരിതഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ, വർഷപദ്ധതികൾ, ഗ്രാമീണ സ്കൂളുകളിലേയ്ക്കും അംഗൻവാടികളിലേയ്ക്കുമുള്ള ശുദ്ധജലവിതരണ പദ്ധതികൾ, സബ്മിഷൻ പദ്ധതികൾ എന്നിവയാണ് ഇതിൽ ഉൾപ്പെടുത്തി

നിർവ്വഹിച്ചു വരുന്നത്. ശുദ്ധജല ലഭ്യത കുറഞ്ഞ ഗ്രാമപ്രദേശങ്ങളും വെള്ള ത്തിന്റെ ഗുണനിലവാരം സംബന്ധിച്ച പ്രശ്നങ്ങൾ നേരിടുന്ന ഗ്രാമപ്രദേശങ്ങ ളുമാണ് ഈ പദ്ധതി നടപ്പിലാക്കുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളത്. പദ്ധതി യുടെ ഭാഗമായി ഈ വർഷം 67 കുഴൽ കിണറുകൾ നിർമ്മിക്കാനാണ് ഭൂജല വകുപ്പ് ഉദ്ദേശിക്കുന്നത്. 2009 മാർച്ചിലെ കണക്ക് പ്രകാരം സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വാർഡുകളിലേയും പ്രതിദിന ആളോഹരി ജലലഭ്യത ഏറ്റവും കുറഞ്ഞത് 40 ലിറ്റർ ആണെന്ന് കണക്കാക്കിയിട്ടുണ്ട്. ഇതിൽ 4957 വാർഡുക ളിൽ പൊതുവിതരണ സംവിധാനം നിലവിലില്ല. ഈ വാർഡുകളിലെ ജല ലഭ്യത സ്വകാര്യ ജല സ്രോതസ്സുകളെ ആശ്രയിച്ചാണ് കണക്കാക്കിയിട്ടുള്ളത്. ഈ പദ്ധതിക്കായി ഭൂജല വകുപ്പിന് ഈ വർഷം 110 ലക്ഷം രൂപ സംസ്ഥാന ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിക്ക് ഈ വർഷത്തെ പദ്ധതി വിഹിതം അന്തിമമായി കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടില്ല. എന്നാൽ ഈ വർഷം 3552.33 ലക്ഷം രൂപ ആദ്യഗഡുവായി അതോറിറ്റിക്ക് ലഭിച്ചിട്ടുണ്ട്. 2011-ഓടുകൂടി കുടിവെള്ള എല്ലാവർക്കും എത്തിക്കുക എന്ന ലക്ഷ്യത്തോടെ ജലവിഭവ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന. ഗ്രാമീണ ശുദ്ധജല പദ്ധതികളിലൊന്നാണ് ആക്സിലറേറ്റഡ് റൂറൽ വാട്ടർ സപ്ലൈ സ്ക്കീം. പഞ്ചായത്തുകളേയും സന്നദ്ധ സംഘടനകളേയും വിശ്വാ സത്തിൽ എടുത്തുകൊണ്ടുള്ള ജനകീയ കർമ്മ പരിപാടി എന്നുള്ള നിലയി ലാണ് സുജല പദ്ധതി കേന്ദ്രാവിഷ്കൃത പദ്ധതിയായി സംസ്ഥാനത്ത് നടപ്പാ ക്കുവാൻ പോകുന്നത്. ഭൂഗർഭ ജലത്തിന്റെ ലഭ്യത കുറയുന്നത് കണക്കിലെടുത്ത് ഗ്രൗണ്ട് വാട്ടർ റീ-ചാർജ്ജിംഗ് പ്രക്രീയയിലൂടെ പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുകയാണ്. മഴവെള്ള സംരക്ഷണം ഭൂജല പരിപോ ഷണം എന്നീ പ്രക്രിയയിലൂടെ ഭൂജല സംരക്ഷണം ഉറപ്പു വരുത്തുന്നതിനു

വേണ്ടി ജനപ്രതിനിധികളുടെ നേതൃത്വത്തിൽ സന്നദ്ധ സംഘടനകളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള കർമ്മ പരിപാടിക്ക് ഗവൺമെന്റ് രൂപംകൊടുക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട ആദ്യത്തെ ശില്പശാല ഈ മാസം മൂന്നാം തീയതി നടത്താനും നിയമസഭാ സമ്മേളനം തീരുന്നതിനു മുമ്പായി ജനകീയ കർമ്മ പരിപാടിയിലൂടെ സംസ്ഥാനത്ത് ജല സുരക്ഷ ഉറപ്പുവരുത്തുന്നതിനു വേണ്ടിയുള്ള പരിപാടികൾ നടപ്പിലാക്കുവാനുമാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 1984-ലെ കേരള വാട്ടർ സ്പളൈ ആന്റ് സ്വീവറേജസ് ആക്ട് ഭേദഗതി ചെയ്തുകൊണ്ട് കുടിവെള്ളം പാഴാക്കുന്നതുമായി ബന്ധപ്പെട്ട് 200-ലധികം കേസ്സുകളിൽനിന്ന് അരക്കോടി രൂപ ഫൈൻ ഇനത്തിൽ സംസ്ഥാന സർക്കാരിന് ലഭിക്കുകയുണ്ടായി. ഭൂജല വകുപ്പിന് രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിക്കായി ഈ വർഷം ലഭിച്ച അലോക്കേഷൻ വളരെ പരിമിതമായതിനാൽ. കൂടുതൽ ഫണ്ട് ധനകാര്യവകുപ്പിൽനിന്നും അനുവദിക്കുന്നതിന് സബ്ജക്ട് കമ്മിറ്റിവഴി ശുപാർശ ചെയ്യുന്നതാണ്. കേരളത്തിലെ ജലവിതരണ പദ്ധതികൾക്ക് ഉപയോഗിച്ചുവരുന്ന ഗുണനിലവാരം കുറഞ്ഞ കാലഹരണപ്പെട്ട എ.സി. പൈപ്പുകൾക്ക് മർദ്ദത്തെ അതിജീവിക്കാൻ കഴിയാത്ത സാഹചര്യത്തിൽ പൈപ്പ്പൊട്ടൽ നിത്യസംഭവമായിരിക്കുന്നതിനാൽ ഘട്ടംഘട്ടമായി കാലഹരണപ്പെട്ട പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് ഗവൺമെന്റ് മുൻകയ്യെടുക്കുന്നതാണ്. കാലപ്പഴക്കം ചെന്ന റിഗ്ഗുകൾ മാറ്റി സ്ഥാപിക്കാനും പുതിയവ വാങ്ങാനും സംസ്ഥാന ബഡ്ജറ്റിൽ തുക അനുവദിക്കണമെന്ന സബ്ജക്ട് കമ്മിറ്റിയുടെ നിർദ്ദേശം ധനകാര്യവകുപ്പിന്റെ സജീവ പരിഗണനയിലാണ്. കേരളത്തിലെ ആദിവാസി, പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിൽ

കുടിവെള്ളമെത്തിക്കാനുള്ള ചെറുകിട പദ്ധതികൾക്ക് പട്ടികജാതി/പട്ടികവർഗ്ഗക്ഷേമ വകുപ്പുമായി ആലോചിച്ച് സമഗ്രമായ പരിപാടിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ ഫണ്ട് ഉപയോഗിച്ച് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് നടപ്പിലാക്കുന്ന രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ സർക്കാർ നടപടി സ്വീകരിക്കുന്നതാണ്. കുടിവെള്ള പദ്ധതികൾക്ക് കേന്ദ്രം തരുന്ന ഫണ്ട് ഉപയോഗിക്കുന്ന കാര്യത്തിൽ കേരളം മറ്റ് സംസ്ഥാനങ്ങളേക്കാൾ മുന്നിലാണ്. കഴിഞ്ഞ വർഷം 106 കോടി രൂപ എ.ആർ.പി. സ്കീമിൽ കേരളത്തിന് ലഭിച്ചു. 110 ശതമാനം എക്സ്പെന്റീച്ചറാണ് ഈ രംഗത്ത് കേരളം കൈവരിച്ചിരിക്കുന്നത്. 1995-ന് ശേഷം എ.ആർ.പി.യിൽ ഏറ്റെടുത്തിട്ടുള്ള 23 പ്രോജക്ടുകൾ പൂർത്തിയാക്കി. 82 ഓൺഗോയിംഗ് പ്രോജക്ടുകൾ പൂർത്തിയാക്കുന്നതിന് 600-700 കോടി രൂപ വേണം. ഈ ഗവൺമെന്റ് വന്നശേഷം ഇതിനായി 300 കോടി രൂപയുടെ എ.എസ്. കൊടുത്തിട്ടുണ്ട്. പ്ളാച്ചിമടയിലെ ഭൂജല ചൂഷണത്തെ തുടർന്നുണ്ടായ ദുരന്തത്തേയും നാശനഷ്ടങ്ങളേയുംപറ്റി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. കുഴൽക്കിണറുകൾ പുനരുജ്ജീവിപ്പിച്ച് റീച്ചാർജ് ചെയ്യുന്നതിന് സമഗ്രമായ ഒരു പദ്ധതിയും റീചാർജിംഗ് ഓഫ് ഡഗ് വെൽസിനുവേണ്ടി 110 കോടി രൂപയുടെ ഒരു പ്രത്യേക പ്രോജക്ടും കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. സ്വകാര്യ വ്യക്തികൾ ഭൂജല ചൂഷണം നടത്തുന്നത് നിയന്ത്രിക്കുന്നതിന് കേരള ഗ്രൗണ്ട് വാട്ടർ റെഗുലേഷൻ ആക്ടിൽ ഭേദഗതി വരുത്താനുള്ള ബിൽ ഈ വർഷംതന്നെ സഭയിൽ കൊണ്ടുവരുന്നതിന് ആലോചിക്കുന്നുണ്ട്. പുൽപ്പള്ളി

ശുദ്ധജല വിതരണ പദ്ധതി മലബാർ പാക്കേജുമായി ബന്ധപ്പെട്ട് നടപ്പിലാക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കുന്നതാണ്. ജലനിധി പദ്ധതിയോ വാട്ടർ സപ്ളൈ സ്കീമോ ഇല്ലാത്ത സ്ഥലങ്ങളിൽ മുൻഗണനാടിസ്ഥാനത്തിൽ കുടിവെള്ളമെത്തിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. 1200 കോടി രൂപയുടെ ജലനിധി പദ്ധതിയുടെ ക്ളിയറൻസ് കേന്ദ്രഗവൺമെന്റിൽ നിന്ന് അടുത്ത സമയത്ത് ലഭിച്ചിട്ടുണ്ട്. ഇതിന് വേൾഡ് ബാങ്കിന്റെ അനുമതികൂടി കിട്ടിയാൽ രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവിക്കുന്ന 400 ഗ്രാമപഞ്ചായത്തുകളിലേയ്ക്ക്കൂടി മുൻഗണനാ ക്രമത്തിൽ ജലനിധി പദ്ധതി വ്യാപിപ്പിക്കാൻ കഴിയുന്നതാണ്. കല്ലറ-പാങ്ങോട് കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് ടെന്റർ പ്രോസ്സസ്സിലുള്ള കാലതാമസം ഒഴിവാക്കുന്നതിന് മരാമത്ത് വകുപ്പുമന്ത്രിയുമായും ധനകാര്യ വകുപ്പുമന്ത്രിയുമായും ആലോചിച്ച് പി.ഡബ്ളിയു.ഡി. മാനുവലും കോഡും കാലോചിതമായി പരിഷ്കരിക്കുന്നതിന് ശ്രമിക്കുന്നതാണ്. സ്ഥലലഭ്യതകൂടി ഉറപ്പുവരുത്തിയശേഷമേ പുതിയ പദ്ധതികൾ ജലവിഭവ വകുപ്പ് ഏറ്റെടുക്കുകയുള്ളൂ. പഴക്കംചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനും നിലവിലുള്ള ജലവിതരണ പദ്ധതികൾ കാര്യക്ഷമമാക്കുന്നതിനുംവേണ്ടി സഭയുടെ കോൺസൻസസ്സോടുകൂടി രണ്ടുമൂന്ന് വർഷത്തേയ്ക്ക് പുതിയ പദ്ധതികൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

25 (*212) <u>കൈത്തറി തുണികളുടെ വിൽപ്പന വർദ്ധിപ്പിക്കാൻ നടപടി</u>

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) നൽകിയ മറുപടിയിൽ, കൈത്തറി തുണികളുടെ വിൽപ്പന വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നതായി സഭയെ അറിയിച്ചു. ഹാന്റക്സ്, ഹാൻവീവ്, പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ എന്നിവയുടെ ഷോറൂമുകളിലും വിൽപ്പന പ്രദർശനശാലകളിലും വിൽപ്പന നടത്തി വരുന്ന കൈത്തറി തുണികൾക്ക് സംസ്ഥാന സർക്കാരും, കേന്ദ്ര സർക്കാരും 10 ശതമാനം വീതം റിബേറ്റ് നൽകിവരുന്നു. കൈത്തറി വസ്ത്രങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി പ്രചരണം, പഠനം, പരിശീലനം എന്നിവ നടത്തിവരുന്നു. സർക്കാർ ജീവനക്കാർ ആഴ്ചയിലൊരു ദിവസം കൈത്തറി/ഖാദി വസ്ത്രം ധരിക്കുന്നതും, സ്കൂൾ കുട്ടികൾ കൈത്തറി യൂണിഫോം ധരിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പ്രചരണങ്ങൾ നടത്തിവരുന്നു. കൈത്തറി/ഖാദി വസ്ത്രങ്ങളുടെ പ്രചരണത്തിനായി രണ്ടു വർഷം നീണ്ടുനിൽക്കുന്ന പരിപാടികൾ ആസൂത്രണം ചെയ്തുവരുന്നുണ്ട്. ഓണം - ക്രിസ്തുമസ്സ് ഉത്സവകാലത്തോടനുബന്ധിച്ച് വിൽപ്പനമേളകൾ, പ്രദർശനങ്ങൾ എന്നിവ നടത്തിവരുന്നു. ഇത്തരം മേളകളിലും പ്രദർശനങ്ങളിലും റിബേറ്റിനോടൊപ്പം മാർക്കറ്റിംഗ് ഇൻസെന്റീവും നൽകി വരുന്നു. കേന്ദ്ര സർക്കാരിന്റെ 'സമഗ്ര കൈത്തറി വികസന പദ്ധതി' അനുസരിച്ചുള്ള വിപണന പ്രോത്സാഹന പദ്ധതിക്കായി ഈ സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ 300 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു. പ്രത്യേക വിപണന പ്രോത്സാഹന പദ്ധതിയിൻ കീഴിൽ നടപ്പുസാമ്പത്തിക വർഷം സംസ്ഥാന സർക്കാർ 635 ലക്ഷം രൂപ ചെലവഴിക്കാൻ ഉദ്ദേശിക്കുന്നു. ഹാന്റക്സ്, ഹാൻവീവ്, എന്നീ സ്ഥാപനങ്ങൾ സംസ്ഥാനത്തുള്ള അവരുടെ നിരവധി

ഷോറൂമുകൾ വഴിയും കൈത്തറി വസ്ത്രങ്ങൾ വിൽപ്പന നടത്തിവരുന്നു. 10 ശതമാനം സ്പെഷ്യൽ റിബേറ്റ് പദ്ധതി പ്രകാരം 2008-09 സാമ്പത്തിക വർഷം 1047.11 ലക്ഷം രൂപ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചു. 50 ശതമാനം കേന്ദ്ര സർക്കാർ സഹായമുള്ള പദ്ധതിയായ സമഗ്ര കൈത്തറി വികസന വിപണന പ്രോത്സാഹന പദ്ധതി പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം 363.26 ലക്ഷം രൂപ കേന്ദ്ര സർക്കാർ സഹായമായി ലഭിച്ചു. കൈത്തറി മേളകൾ, പ്രദർശന ങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ ഗ്രാന്റ് ലഭിക്കു ന്നുണ്ട്. യഥാർത്ഥ കൈത്തറി ഉൽപ്പന്നങ്ങളുടെ മുദ്ര പതിപ്പിച്ചുകൊണ്ട് വ്യാജ കൈത്തറിത്തുണികൾ വിൽപ്പന നടത്തുന്ന സംഘങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. ഹാന്റ്ലൂമിന്റേയും ഹാൻവീവിന്റെയും കടബാധ്യതകൾക്ക് പരിഹാരം കാണുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. കൈത്തറി സഹകരണ സംഘങ്ങളുടെ സാമ്പത്തിക ബാധ്യതയ്ക്ക് പരിഹാരം കാണുന്നതിന് ഒരു പാക്കേജ് തയ്യാറാക്കി കേന്ദ്ര ഗവൺമെന്റുമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. സ്കൂളുകളിലേയ്ക്ക് ആവശ്യമുള്ള കൈത്തറി യൂണിഫോം സ്കൂൾവർഷാരംഭത്തിൽതന്നെ നൽകിയിട്ടുണ്ട്. സ്കൂൾ യൂണിഫോമുകൾക്ക് നേരത്തെയുള്ള പത്ത് ശതമാനത്തിന് പുറമെ 20 ശതമാനം സ്പെഷ്യൽ റിബേറ്റ് അനുവദിച്ചിട്ടുണ്ട്. കൈത്തറി-ഖാദി തുണിത്തരങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിന് കേരളത്തിലെ മുഴുവൻ ജനങ്ങളുടേയും സഹകരണത്തോടെ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിന് പരിശ്രമിക്കുന്നതാണ്. തൊഴിൽ വകുപ്പ് കൈത്തറിത്തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ റിബേറ്റ് ഇനത്തിൽ സംഘങ്ങൾക്ക് നൽകാനുള്ള കുടിശ്ശിക മുഴുവനും

കൊടുത്തിട്ടുണ്ട്. ഡിമാന്റ് അനുസരിച്ച് കൈത്തറി-ഖാദി തുണിത്തരങ്ങൾ നവീകരണ പ്രവർത്തനങ്ങളിലൂടെയും ആകർഷകമായ രീതിയിലും പുതിയ ഡിസൈനുകളോടുംകൂടി ഉല്പാദിപ്പിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നതാണ്. കണ്ണൂർ, കായംകുളം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലുകളിൽ ഹാംഗ് യാണിന്റെ ഉൽപ്പാദനം ആരംഭിച്ചിട്ടുണ്ട്. ഈ വർഷം വിപുലമായ കാമ്പെയിൻ നടത്തുന്നതിന് 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. റെയിൽവേ സ്റ്റേഷനുകൾ ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട സ്ഥലങ്ങളിൽ ആകർഷകമായ രീതിയിൽ കൈത്തറി-ഖാദി ഷോപ്പുകൾ ആരംഭിക്കുന്ന കാര്യവും ആലോചിക്കാവുന്നതാണെന്നും വസ്ത്ര നിർമ്മാണവുമായി ബന്ധപ്പെട്ട ധാരാളം കോഴ്സുകൾ ഏർപ്പെടുത്തുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

26 (*213) <u>കേന്ദ്ര സർക്കാർ സഹായത്തോടെയുള്ള വ്യവസായ സംരംഭം</u>

വ്യവസായ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ഈ സർക്കാർ അധികാരമേറ്റശേഷം കേന്ദ്ര സർക്കാരുമായി ചേർന്ന് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ NTPC-യുമായും TELK- മായും, SILK - ന്റെ അനുബന്ധ യൂണിറ്റുകളായ Autokast/SFU ഉം- ഇൻഡ്യൻ റെയിൽവേയുമായും, SCL - ഉം കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ SAIL - മായും, കെല്ലിന്റെ കാസർഗോഡ് യൂണിറ്റും Bharat Heavy Electricals (BHEL) –മായും, Keltron -ഉം BEL -മായും, കിൻഫ്രയും ഹിന്ദുസ്ഥാൻ ഏറോനോട്ടിക്സ് ലിമിറ്റഡും(HAL) ആയും കിൻഫ്രയും ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റ

ഡും(BEL) ആയും കിൻഫ്രയും ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡും (BEML) ആയും കെൽടെക്കും ബ്രഹ്മോസ് എയ്റോസ്പേസുമായുള്ള വികസന പ്രവർത്തനത്തിന് രൂപം നൽകിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഇവയുടെ വികസനത്തിനായി കേന്ദ്രം ഏകദേശം 442 കോടി രൂപ നിക്ഷേപിക്കുമെന്ന് കണക്കാക്കപ്പെടുന്നു. ഗ്രാമീണ ചെറുകിട വ്യവസായങ്ങളെ സമന്വയിപ്പിച്ച് റൂറൽ ഇൻഡസ്ട്രിയൽ ഹബ്ബ് ഇംപ്ളിമെന്റ് ചെയ്യുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണെന്നും കോന്നി ഭക്ഷ്യഗവേഷണ കേന്ദ്രത്തോടനുബന്ധിച്ച് ഭക്ഷ്യസംസ്ക്കരണ കേന്ദ്രം ആരംഭിക്കുന്നതിന് കിൻഫ്രയുടെ സഹകരണത്തോടെ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളെല്ലാം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1714 മുതൽ 1975 വരെയുള്ള ചോദ്യങ്ങളിൽ 137 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)